
little KITEs
I T CLUB

# കലന്ദിക

GVHSS MADIKAI-II

## ജി.വി.എച്ച്.എസ്.എസ് മടിക്കൈ II



# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ


- ഉജ്ജ്വൽ മോഹൻ ടി വി
- പാർവ്വണ പി എസ്
- പൂജ രമേശ്
- ആര്യനന്ദ കെ
- സാധിക കെ വി
- അനശ്രീ സുകേഷ്
- അക്ഷയ് കുമാർ പി പി
- ദിൽന പി പി
- അതുല്യ എ
- ഉജ്ജ്വൽ ജി രമേശ്

# എഡിറ്റോറിയൽ

വിവര വിനിമയ സാങ്കേതികവിദ്യ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ കുട്ടികൾക്കും ഈ മേഖലയിൽ കഴിവ് തെളിയിക്കാനുള്ള അവസരം ഉണ്ടാക്കി കൊടുക്കേണ്ടതുണ്ട്.
ഇതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ 2018 മുതൽ നടപ്പിലാക്കിയ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. 2018 മുതൽ നമ്മുടെ സ്ക്കൂളിലും ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രവർത്തിക്കുന്നു. മലയാളം കമ്പ്യൂട്ടിങ്, മൊബൈൽ ആപ്പ് നിർമ്മാണം, പ്രോഗ്രാമിങ്, അനിമേഷൻ, റോബോട്ടിക്സ്,ഡസ്ക് ടോപ്പ് പബ്ലിഷിംഗ് തുടങ്ങി നിരവധി മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. പ്രവർത്തനങ്ങൾ ഏറ്റവും നന്നായും കൃത്യമായും ചെയ്യുന്ന കുട്ടികൾക്ക് ഗ്രേഡ് നൽകുന്നു. 'എ' ഗ്രേഡ് ലഭിക്കുന്ന കുട്ടികൾക്ക്ഗ്രേസ്മാർക്കുംനൽകുന്നുണ്ട്.ജി.വി.എച്ച് .എസ്. എസ് മടിക്കൈ സെക്കന്റിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികൾ തയാറാക്കിയ 'കലന്തിക' ഡിജിറ്റൽ മാഗസിൻ സ്ക്രൈബസ് സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് തയാറാക്കിയത്. നമ്മുടെ സ്ക്കൂളിലെ കുട്ടികളുടെ സൃഷ്ടികളാണ് ഈ മാഗസിനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. വാക്കായും വരിയായും വരയായും ഇവിടെ രൂപപ്പെട്ടതെല്ലാം ഒരോ അടയാളപ്പെടുത്തലുകളാണ് .കുട്ടികളിലെ സർഗാത്മകതയും ,ഡിജിറ്റൽ ക്രിയേറ്റിവിറ്റിയും പരിപോഷിപ്പിക്കുക എന്നതാണ് ഈ മാഗസിന്റെ ഉദ്ദേശ്യം. ഞങ്ങളുടെ ഡിജിറ്റൽ മാസികയായ കലന്തിക നിങ്ങൾക്കായി സമർപ്പിക്കുന്നു.



# താളുകളിലേക്ക്


- മഴയുടെ ദുഃഖം-ശ്രുദ്ധ എസ് പ്രസാദ്
- നഷ്ടപ്പെട്ട സൗഗന്ധികങ്ങൾ-ശരണ്യ എൻ
- പ്രകൃതിയുടെ ഓരോ കാലടികൾ-ശ്രീലക്ഷ്മി
- അമ്മയോർമ്മ-വിനീത എകെ
- സത്യമാണോ? -ഐശ്വര്യ ബി
- എരിയുന്ന വയർ-മയൂഖ കെ വി
- ഓണക്കാലം-സ്വർണ
- കുഞ്ചുവിന്റെ ഓണക്കാലം-ശിവന്യ.കെ.വി
- ജീവൻ തുടിക്കുന്ന പ്രകൃതി-മനീഷ.ഒ.വി
- എൻ വിദ്യാലയദിന സ്മരണകൾ-മനീഷ.ഒ.വി
- കാലം സമ്മാനിച്ച ഓർമകൾ-ശ്രുദ്ധ എസ് പ്രസാദ്

# മഴയുടെ ദു:ഖം

ശ്രദ്ധ എസ് പ്രസാദ്



എന്റെ നോവു നീ അറിഞ്ഞീലാ....

എന്റെ കനവു നീ കണ്ടീലാ....

ഒഴുകി അണയുവാൻ ഒരിടമീലാ....

പെയ്തു തീരുവാൻ ആവതീലാ....

ശാപ വചനങ്ങൾ കേട്ടതീലാ....

ധന്യ വാദങ്ങൾ കേട്ടതീലാ....

വിശ്വമുള്ളിടത്തോളം

വരാതിരിക്കാൻ  ആവതീലാ....

എന്നെ തുരത്തുവാനുള്ള

കേൾപ്പുകളീലാ....

അഭ്യസ്ത വിദ്യരാം കൈകളിൽ

പാവയായീടിലാ....

സന്ദേഹമുണ്ടെനിക്ക് ഈയൊരു

കാലം എന്നെയും കൊണ്ടങ്ങ് പോയീടുമോ....

ഇല്ല മർത്യാ,

നിന്റെ അതിമോഹം നടപ്പതില്ലിവിടെ



വര: അനുശ്രീ സുകേഷ്

# നഷ്ടപ്പെട്ട സൗഗന്ധികങ്ങൾ

ശരണ്യ എൻ



മലയാള സാഹിത്യത്തിലും ചലച്ചിത്ര രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച എം.ടി. വാസുദേവൻ നായരുടെ പ്രശസ്തമായ നോവലാണ് രണ്ടാമൂഴം. മഹാഭാരതകഥ  ആസ്പദമാക്കി രചിച്ച ഈ നോവലിൽ ഭീമനാണ് കേന്ദ്രകഥാപാത്രം. അഞ്ചു മക്കളിൽ രണ്ടാമനായ ഭീമന് എല്ലായ്പ്പോഴും അർജ്ജുനനോ യുധിഷ്ഠിരനോ കഴിഞ്ഞ് രണ്ടാമൂഴമേ ലഭിക്കുന്നുള്ളൂ. പാഞ്ചാലിയുടെ കാര്യത്തിലും ഇത് തുടരുന്നു. ഇതാണ് നോവലിന്റെ പേരിനു പിന്നിൽ. 1985 -ലെ വയലാർ അവാർഡ് നേടിയ നോവലാണ് രണ്ടാമൂഴം. 1977 നവംബറിൽ മരണം വളരെ സമീപത്തെത്തി പിന്മാറിയ സമയം, അവശേഷിച്ച കാലം കൊണ്ട് എങ്ങനെയെങ്കിലും എഴുതി തീർക്കണമെന്ന് ആഗ്രഹിച്ച് എഴുതിയ നോവലാണ് രണ്ടാമൂഴം എന്ന് എം.ടി. പറയുന്നു. വ്യാസൻ വായനക്കാർക്കായി വിട്ടിട്ടു പോയ ദീർഘമായ ചില മൗനങ്ങൾക്ക് ഉത്തരം കണ്ടെത്തുക മാത്രമായിരുന്നു രണ്ടാമൂഴത്തിലൂടെ താൻ ചെയ്തത് എന്ന് എം.ടി. പറഞ്ഞു വെക്കുന്നു.



വര: റോബിൻ പി

മഹാഭാരത കഥ തന്നെയാണ് രണ്ടാമൂഴത്തിന്റെ കഥയും. എങ്കിലും അതിശക്തനും ലളിത ചിന്താഗതിക്കാരനുമായ ഭീമൻ എന്ന മനുഷ്യന്റെ ചിന്തകളും വികാരങ്ങളും ഭീമന്റെ നിത്യജീവിതത്തിൽ സംഭവിക്കുന്ന സംഭവങ്ങളും ഭീമന്റെ കണ്ണിലൂടെ വിവരിക്കുന്നു. കാനനകന്യകയായ ഹിഡിംബിയിലാണോ അതോ രാജകുമാരിയായ ദ്രൗപദിയിലാണോ ഭീമന്

കൂടുതൽ പ്രണയം എന്ന് വായനക്കാർക്ക് സംശയം ഉണ്ടാകുന്നു. വായുപുത്രനാണ് എന്ന് വിശ്വസിച്ച് എല്ലാ ആപത്ത് ഘട്ടങ്ങളിലും വായുദേവനെ വിളിച്ചിരുന്ന ഭീമന്റെ പിതൃത്വം കഥാന്ത്യത്തിൽ ചോദ്യം ചെയ്യപ്പെടുന്നു. ശക്തനായ ഒരു മകനെ ലഭിക്കാൻ വേണ്ടി കാട്ടിൽ നിന്നും വന്ന ഒരു കാട്ടാളനെ പ്രാപിക്കേണ്ടി വന്നു എന്ന് കുന്തി ഭീമനോട് പറയുന്നു.

മഹാഭാരതത്തിൽ വളരെ അകലെ കാണപ്പെടുന്ന പല കഥാപാത്രങ്ങളും രണ്ടാമൂഴത്തിൽ വളരെ അടുത്ത് നോക്കി കാണാൻ നോവലിസ്റ്റ് ശ്രമിക്കുന്നു. ഉദാഹരണത്തിന് ഭീമന്റെ സാരഥിയായ വിശോകനെ മഹാഭാരതത്തിൽ വളരെ ചെറുതായി ആണ് കാണിക്കുന്നത്. കർണ്ണനെ വധിക്കാൻ ലഭിച്ച അവസരത്തിൽ അത് തന്റെ സഹോദരനാണ് എന്ന് പറഞ്ഞ് ഭീമനെ പിന്തിരിപ്പിക്കുന്നത്
വിശോകനാണ്. പണ്ടൊരിക്കൽ കുന്തിദേവിയെ കാണാൻ ചെന്നപ്പോൾ കർണ്ണനോട് അവൻ തന്റെ മകനാണ്, മൂത്ത പാണ്ഡവനാണ് എന്ന് കുന്തി ദേവി പറയുന്നത് വിശോകൻ കേൾക്കാനിടയാകുന്നു.
കഥയിൽ വളരെ വലിയ മാറ്റം വരുത്തുന്ന ഒരു സംഭവത്തിൽ പ്രധാനപ്പെട്ട കഥാപാത്രമായി മാറുന്നത് വിശോകനാണ്.

രണ്ടാമൂഴം എന്ന നോവലിൽ എട്ട് അധ്യായങ്ങൾ ഉൾപ്പെടുന്നു. യാത്ര, കൊടുങ്കാറ്റിന്റെ മർമ്മരം, വനവീഥികൾ, അക്ഷഹൃദയം,പഞ്ചവർണ്ണപ്പൂക്കൾ, വിരാടം, ജീർണ്ണവസ്ത്രങ്ങൾ, പൈതൃകം എന്നിവയാണവ. മഹത്തായ കുരുക്ഷേത്ര യുദ്ധം കഴിഞ്ഞ് പഞ്ചപാണ്ഡവരും ദ്രൗപദിയും സ്വർഗ്ഗം തേടിയുള്ള യാത്രയെ കുറിച്ചാണ് യാത്ര എന്ന അധ്യായത്തിൽ വിവരിക്കുന്നത്. പാണ്ഡുവിന്റെ മരണ ശേഷം മക്കളുമായി കുന്തി ദേവി ഹസ്തിനപുരത്തേക്ക് പോകുന്നു. വരാൻ പോകുന്ന കുരുക്ഷേത്രയുദ്ധത്തിന്റെ ലക്ഷണങ്ങൾ ഇവിടെ കണ്ടു തുടങ്ങുന്നു. പാണ്ഡവർക്കു നേരെയുള്ള ദുര്യോധനന്റെ പകപോക്കലുകൾ കൊടുങ്കാറ്റിന്റെ മർമ്മരം എന്ന അധ്യായത്തിൽ വിവരിക്കുന്നു. വാരണാവതത്തിലെ ചതി പ്രയോഗത്തിൽ നിന്നും രക്ഷപ്പെട്ട പാണ്ഡവരുടെ വനവാസ കാലമാണ് വനവീഥികൾ എന്ന അധ്യായത്തിൽ

പരമാർശിക്കുന്നത്. ഹിഡിംബിയുമായി ഭീമൻ വിവാഹം ചെയ്യുന്നതും അവളുടെ സഹോദരനായ ഹിഡിംബനെ കൊല്ലുന്നതും ഈ അധ്യായത്തിൽ ആണ്. ഏകചക്രയിലെ ബകൻ എന്ന രാക്ഷസനെ ഭീമൻ വധിക്കുന്നതും ഈ കാലയളവിലാണ്. പാഞ്ചാലദേശത്തെ ദ്രുപദന്റെ മകളായ ദ്രൗപദിയെ അർജ്ജുനൻ വിവാഹം കഴിക്കുന്നതും കുന്തിയുടെ നിർബന്ധത്താൽ ദ്രൗപദിയെ അഞ്ചുപേർക്കും കൂടി ഭാര്യയാക്കാം എന്നു തീരുമാനിക്കുന്നതും വനവീഥികൾ എന്ന അധ്യായത്തിലാണ്.

ഹസ്തിനിപുരത്തെ ചൂതാട്ടം അന്ധനായ ധൃതരാഷ്ട്രരും ഭീഷ്മനംഉൾപ്പെടെയുള്ളവർ കണ്ടു നിന്നു. രജസ്വലയായി ഒറ്റ വസ്ത്രമുടുത്ത പാഞ്ചാലിയെ സദ്യസർക്കു മുന്നിൽ വലിച്ചിഴച്ച് യുദ്ധകാഹളം മുഴക്കുകയായിരുന്നു കൗരവർ അക്ഷഹൃദയം എന്ന അധ്യായത്തിൽ.

പാണ്ഡവരുടെ അജ്ഞാതവാസക്കാലത്ത് താമസിക്കാനായി തിരെഞ്ഞെടുത്ത സ്ഥലമാണ് വിരാടം. ഈ സ്ഥലം എന്തുകൊണ്ടും യോജിച്ചതാണ് എന്ന്

നിർദ്ദേശിക്കുന്നത് കൃഷ്ണനാണ്. ഇവിടെ ഭീമൻ പാചകക്കാരനായ വല്ലവനായി വേഷം മാറി ജീവിക്കുന്നു. ഇവിടെ വെച്ച് ദ്രൗപദിയുടെ നിർദ്ദേശപ്രകാരം

വിരാടരാജാവിന്റെ സേനാപതിയായ കീചകനെ ഭീമൻ വധിക്കുന്നു. വിരാടം എന്ന അധ്യായത്തിൽ ആണ് പാണ്ഡവർ അജ്ഞാതവാസം മതിയാക്കുന്നത്.

ഭീമൻ രാജാവാകട്ടെ എന്ന് പറഞ്ഞു കഴിഞ്ഞതിന ശേഷം, പിന്നീടുള്ള ഒരു രാത്രി കൊണ്ട് കാര്യങ്ങളൊക്കെ മാറി മറയുന്നു. ദാസി പുത്രനായ തനിക്കോ നാടുവാഴാനൊത്തില്ല തന്റെ പുത്രനെങ്കിലും രാജാവാകണം എന്നാഗ്രഹിച്ച വിദുരർ കുന്തിയിലൂടെ മോഹം സാധിപ്പിച്ചെടുക്കുന്നു. ഭീമൻ രാജാവായാൽ തന്റെ സ്ഥാനം ബലന്ധരയ്ക്കും താഴെയായിരിക്കും എന്ന ദ്രൗപദിയുടെ പേടി മൂലം ദ്രൗപദിയും ഈ തീരുമാനത്തിൽ നിന്ന് പിന്മാറാൻ ഭീമനെ നിർബന്ധിക്കുന്നു.

ഒരു വിനാഴിക മാത്രം ഹസ്തിനപുരം ഭരിച്ച് സ്ഥാനത്യാഗം ചെയ്ത രാജാവ്. മഹാബലവാനെങ്കിലും മന്ദൻ എന്നു പറഞ്ഞ് മാറ്റി നിർത്തപ്പെട്ടവൻ.

ദ്രൗപദിയുടെ മാനം സംരക്ഷിക്കാൻ കീചകനുമായി ഏറ്റുമുട്ടിയത് അർജ്ജുനനോ യുധിഷ്ഠിരനോ ആയിരുന്നില്ല, മറിച്ച് ഭീമനായിരുന്നു. ഒടുവിൽ കാവൽക്കാരുമായി പടവെട്ടി ദ്രൗപദിക്ക് ഏറ്റവും ഇഷ്ടപ്പെട്ട സുഗന്ധികപ്പൂക്കൾ പറിച്ചെടുത്ത് അവൾക്ക് നീട്ടുന്ന രംഗം എം.ടി. വിവരിക്കുന്നുണ്ട്.

"ഞാൻ ഒരു പിടി പൂക്കൾ പറിച്ചെടുത്തു. എന്നിട്ട് നകുലന്റെ പരിഹാസ ഭാവം അവഗണിച്ച് ദ്രൗപദിക്ക് നീട്ടി. അവൾ പൊയ്കയുടെ മനോഹാരിത ആസ്വദിക്കുമെന്നും എന്തെങ്കിലുമൊക്കെ പറയുമെന്നും ഞാൻ കരുതി. കൈയിൽ വാങ്ങിയ പൂക്കൾ ഒന്നു മണപ്പിക്കുക പോലും ചെയ്യാതെ അവൾ യുധിഷ്ഠിരനു നീട്ടി. ചിലരുടെ വിഡ്ഢിത്തം കൊണ്ട് ആവശ്യമില്ലാതെ വഴി

നടക്കേണ്ടി വന്നതിനെപ്പറ്റി എന്തോ പിറുപിറുത്തു കൊണ്ടു അദ്ദേഹം നടന്നു. അവർ പോയപ്പോൾ ഘടോൽക്കചൻ എന്റെ കല്പന കാത്തിട്ടെന്ന പോലെ നിന്നു. പിന്നെ ഞങ്ങളും നടക്കാൻ തുടങ്ങി. വഴിക്കൊരിടത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ തണ്ടുകളോടു കൂടി ഒരു പിടി സൗഗന്ധികപ്പൂക്കൾ കിടക്കുന്നത് ഞാൻ കണ്ടു."

- ഇങ്ങനെയാണ് ആ വരികൾ. നഷ്ടപ്പെട്ട സൗഗന്ധികങ്ങളെ ഇതിലും മനോഹരമായി എങ്ങനെയാണ് അടയാളപ്പെടുത്താനാവുക.

ഒരു ജന്മം മുഴുവൻ രണ്ടാമൂഴത്തിനായി കാത്തിരുന്ന ഭീമൻ. ചൂതുകളിച്ച് മണ്ണും പെണ്ണും നഷ്ടപ്പെടുത്തിയ ധർമ്മപുത്രനായ യുധിഷ്ഠിരന്റെയും വില്ലാളിവീരനായ അർജ്ജുനന്റെയും നിഴലിൽ നായകത്വം നഷ്ടപ്പെട്ട ഭീമൻ. ഈ നോവൽ ചുരുളഴിയാത്ത പ്രണയകാവ്യമാണെന്നു പറയാം. സ്നേഹം കൊണ്ട് ദുർബലനാവുന്നതും കൂടിയാണ് ഭീമൻ. സഹോദരങ്ങളോടും അമ്മയോടും ദ്രൗപദിയോടും അദ്ദേഹത്തിനുള്ള നിസീമമായ സ്നേഹം അദ്ദേഹത്തെ ഒരു ത്യാഗിയാക്കി മാറ്റി. യഥാർഥത്തിൽ കുരുക്ഷേത്രയുദ്ധം ജയിച്ചത് മഹാബലവാനായ ഭീമനാണ് എന്നത് വ്യക്തമാണ്. എന്നിട്ടും അധികാര കസേരയിൽ നിന്ന് ഭീമനെ മാറ്റി നിർത്തുന്നു നമ്മൾ ഈ നോവലിന്റെ ആഴങ്ങളിലൂടെ യാത്ര ചെയ്യുമ്പോൾ ഭീമന്റെ അനുഭവങ്ങൾ

നമ്മുടേത് ആയി മാറുന്നു. ഇത് എം.ടി. യുടെ എഴുത്തിന്റെ മാന്ത്രികത തന്നെയാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. പിന്തള്ളപ്പെടുന്നവന്റെ, പുച്ഛം ഏറ്റുവാങ്ങുന്നവന്റെ വേദന മനസ്സിലാക്കുവാൻ ഒരു തവണയെങ്കിലും രണ്ടാമൂഴം എന്ന നോവലിലൂടെ കടന്നു പോകണം.

# പ്രകൃതിയിലൂടെ ഓരോ കാലടികൾ

ശ്രീലക്ഷ്മി



പ്രകൃതിയുടെ അങ്ങേയറ്റമുള്ള വർണ്ണന പ്രദർശിപ്പിച്ച് കൊണ്ട് ഒരു ഗ്രാമം ഉണ്ടായിരുന്നു. തനി നാടൻ ഗ്രാമം. ആരെയും പ്രകൃതി ഭംഗിയിൽ ലയിപ്പിച്ച് കളയുന്ന ഒരു ഗ്രാമമാണ് അരയി . ഗ്രാമത്തിൻ്റെ പ്രവേശന കവാടം തന്നെ ഒരു പുഴക്കടവാണ്. അതിനിടയിൽ എങ്ങും തളിർത്തിരിക്കുന്ന പച്ചപ്പ്. മധ്യത്തിൽ പാലം . പുഴ കഴിഞ്ഞാൽ അമ്പലക്കയറ്റം. അമ്പലക്കയറ്റം കഴിയുന്നതിനു മുമ്പേ മനുഷ്യരിൽ ഐശ്വര്യപ്രഭ ചൊരിയും എന്നാണ് എന്റെ വിശ്വാസം. അമ്പല തിരുമുറ്റത്ത് കാണാം വലിയ ഗ്രൗണ്ട്. അവിടെ എപ്പോഴും പിള്ളേരുടെ ശബ്ദകാഹളം തന്നെ.അവൾ അങ്ങനെ ഗ്രാമത്തിന്റെ  തിരുമുറ്റത്ത് എത്തിക്കഴിഞ്ഞു. വഴിയരികിൽ നിന്ന് നാട്ടുകാരുടെ ചോദ്യം നീ ആരാ? നീ എവിടത്തുകാരിയാ? ഇങ്ങനെയുള്ള ചോദ്യം അവളെ അലട്ടിയിരുന്നു. അവൾ ഒരു പുഞ്ചിരിയിൽ ഉത്തരം നൽകി. അങ്ങനെ നിറഞ്ഞ ചിരിയോട് അവൾ ഗ്രാമം ചുറ്റി കാണാൻ മുന്നോട്ട് നീങ്ങി.

അവളുടെ മുഖത്ത് ചിരിയുണ്ടായിരുന്നുവെങ്കിലും മനസ്സിൽ ചെറിയ വിങ്ങലുംകളും സങ്കടങ്ങളും കുന്നു കൂടിയിരുന്നു. പിന്നീട് അവൾ പാട വരമ്പത്തുകൂടി നടക്കുകയാണ്. പ്രകൃതിഭംഗിയിൽ ആഴ്ന്നിറങ്ങി അവൾഅവളെ തന്നെ മറന്നു. പച്ചപ്പ് കൊണ്ട് നിറഞ്ഞ് പൂത്ത്

നിൽക്കുന്ന പാടം. ഇടയിൽ പച്ചക്കറികൾ അവളെ നോക്കി ചിരിക്കുന്നതായി അവൾക്ക് തോന്നി. പച്ച തക്കാളി പഴുത്ത് തുടിച്ച തക്കാളിയെ നോക്കി കരയുന്നു.പഴുത്ത തക്കാളി ആണെങ്കിൽ താനാണ് തക്കാളിയിൽ വലിയ രാജാവ് എന്ന ഭാവത്തിൽ അഹങ്കാരത്തോടെ പച്ചത്തക്കാളിയെ നോക്കുന്നു.ഇതുപോലെ തന്നെയാണ് സമൂഹവും നിറത്തിന്റെയും പണത്തിന്റെയും കാര്യത്തിൽ വലിയവൻ ചെറിയവൻ എന്ന ഒരു വിവേചനം.അങ്ങനെ തക്കാളിയെ കണ്ടതുകൊണ്ട് സമൂഹത്തിലെ ചെറിയവൻ വലിയവൻ എന്ന വിവേചനത്തെക്കുറിച്ച് അവൾക്ക് ചിന്തിക്കാൻ കഴിഞ്ഞു.നേരം സന്ധ്യ ആകാറായി.ആ വരമ്പിൽ തന്നെ അവൾ ധരിച്ച ദാവണിയുടെ ഒരറ്റം നിലത്തോട് പിരിച്ച് അതിൽ കിടന്നു.എല്ലാത്തിനും സാക്ഷിയായിട്ടുള്ള മഹാസാക്ഷിയായ ആകാശത്തെ നോക്കി അവൾ പൊട്ടുന്നനെ കണ്ണുനീർ പൊഴിച്ചു. അവളുടെ കണ്ണിൽ നിന്ന് ആ കണ്ണുനീർ എന്തിനാണ് പൊഴിഞ്ഞതെന്ന് അവൾക്കറിഞ്ഞുകൂടാ. മറ്റുള്ളവർ അച്ഛനെയും അമ്മയെയും കുറിച്ച് പറയുന്നത് അവൾ കേട്ടിട്ടുണ്ട് .പക്ഷേ അങ്ങനെ രണ്ടു പേർ തനിക്കുണ്ടോ എന്ന് അവൾക്കറിഞ്ഞുകൂടാ. അവൾക്ക് വലിയ വിദ്യാഭ്യസം ഇല്ല. അവൾ എപ്പോഴും തന്റെ മനസ്സിനോട് ചോദിക്കും ഞാൻ ആരാ? ആ ചോദ്യത്തിന് അവൾക്ക് ഇതുവരെ ഒരു ഉത്തരവും കിട്ടിയില്ല. അവൾ താമസിച്ചിരുന്ന സ്ഥലത്തിലെ ഒരു വ്യക്തി പറഞ്ഞുവത്രെ അരയി ഗ്രാമത്തിൽ പോകു കുമാര വർമ്മയെ കുറിച്ചും ലക്ഷ്മിയെ കുറിച്ച് അറിയൂ.... എല്ലാം അറിയു . അങ്ങനെയാണവൾ അരയിൽ എത്തിച്ചേർന്നത്. പത്ത് മണിക്കൂർ നീണ്ടു ഇതുവരെ ആരുടെയടുത്തും ഒന്നും ചോദിച്ചില്ല. പെട്ടെന്ന് അവളുടെ ധൈര്യം ചോർന്ന് പോകുന്നു. നേരം പുലർന്നു . പുല്ലിൽ പറ്റിപ്പിടിച്ചിരിക്കുന്ന മഞ്ഞുതുള്ളി അവളുടെ കവിളിനെ തലോടി .അവൾ ഉണർന്നു. പിന്നെ രാവിലത്തെ യാത്ര തുടർന്നു. അടുത്തുണ്ടായ മാവിൻ കൊമ്പിൽ നിന്ന് ഒരു മാമ്പഴം ഠപ്പേ!ന്ന് വീണു. ആർത്തിയോടെ അവൾ അത് കഴിച്ചു. അവൾ പിന്നീട് ഒരു അപ്പൂപ്പനെ കണ്ടുമുട്ടി. മുഖമൊക്കെ ചുക്കിചുളിഞ്ഞ ,ആരെയെങ്കിലും കൊത്താൻ വരുന്ന രീതിയിലുള്ള മൂക്കും, നീളമുള്ള കൈയും, കൈയ്യിലൊരു വടിയും.

അവൾ ആ അപ്പൂപ്പനോട് ചോദിച്ചു: ഈ ഗ്രാമത്തിൽ പണ്ടൊരു കുമാര വർമ്മൻ ഉണ്ടായില്ലേ അവരെ കുറിച്ച് എന്തെങ്കിലും താങ്കൾക്ക്അറിയാമോ?
അപ്പൂപ്പൻ വിശദീകരിച്ച് പറഞ്ഞു. കുമാര വർമ്മൻ 'മ്...
എനിക്കറിയാം . പണ്ടൊരിക്കൽ കുമാര വർമ്മയും രവിവർമ്മയും തമ്മിൽ വസ്തുവിന്റെ പേരിൽ ഒരു തർക്കം ഉണ്ടായിരുന്നു. കുമാര വർമ്മയ്ക്ക്  ഭാര്യയും ഒരു മകളും ഉണ്ടായിരുന്നു. അവൾ ചോദിച്ചു എന്താ അവരുടെ പേര്?
ഭാര്യ കുഞ്ഞു മാത മകൾ ലക്ഷ്മി.
ആ കാര്യത്തിലേക്ക് കടക്കാം എന്ന് പറഞ്ഞ് അപ്പൂപ്പൻ തുടർന്നു.
അങ്ങനെ അവസാനം നിയമം അനുസരിച്ച് കുമാരവർമ്മയ്ക്ക് വസ്തു കിട്ടി. രവി വർമ്മയ്ക്ക് അധികഠിനമായ കോപം വന്നു. ഒരു ദിവസം അദ്ധേഹം
 കുമാരവർമ്മയോട് സ്നേഹം പ്രകടിപ്പിച്ച് ഒരു കാട്ടിനുള്ളിലേക്ക് കൂട്ടി കൊണ്ട് പോയി. രവിവർമ്മൻ തഞ്ചം നോക്കി
കുമാരവർമ്മയ്ക്കെതിരെ അയുധം പ്രയോഗിച്ചു. മൂർച്ചയേറിയ ഒരു വാൾ പിന്നാമ്പുറത്തു നിന്ന് അദ്ദേഹം വലിച്ചെടുത്തു. ഇടിമിന്നൽ പോലെ ആ വാൾ  കുമാരവർമ്മന്റെ നെഞ്ചിൽ തുളച്ചു കയറി.ആ മനുഷ്യനെ പച്ചയ്ക്ക് കൊന്നു കളഞ്ഞു.പിന്നീട് അമ്മയും മകളും അടങ്ങുന്ന കുടുംബം അനാഥമായി. അനാഥമാക്കപ്പെട്ട രണ്ടു പെൺ ജന്മങ്ങൾ .രവിവർമ്മന് അയാളുടെ ദേഷ്യം അടങ്ങിയിട്ടില്ല.
ലക്ഷ്മിയായ മകളെയും  അദ്ദേപ്രകൃതിയിലൂടെ ഓരോ കാലടികൾ പ്രകൃതിയുടെ അങ്ങേയറ്റമുള്ള വർണ്ണന പ്രദർശിപ്പിച്ച് കൊണ്ട് ഒരു ഗ്രാമം ഉണ്ടായിരുന്നു. തനി നാടൻ ഗ്രാമം. ആരെയും പ്രകൃതി ഭംഗിയിൽ ലയിപ്പിച്ച് കളയുന്ന ഒരു ഗ്രാമമാണ് അരയി .
ഗ്രാമത്തിന്റെ പ്രവേശന കവാടം തന്നെ ഒരു പുഴക്കടവാണ്. അതിനിടയിൽ എങ്ങും തളിർത്തിരിക്കുന്ന പച്ചപ്പ്. മധ്യത്തിൽ പാലം . പുഴ കഴിഞ്ഞാൽ അമ്പലക്കയറ്റം. അമ്പലക്കയറ്റം കഴിയുന്നതിനു മുമ്പേ മനുഷ്യരിൽ ഐശ്വര്യപ്രഭ ചൊരിയും എന്നാണ് എൻ്റെ വിശ്വാസം. അമ്പല തിരുമുറ്റത്ത് കാണാം വലിയ ഗ്രൗണ്ട്. അവിടെ എപ്പോഴും പിള്ളേരുടെ ശബ്ദകാഹളം തന്നെ.അവൾ അങ്ങനെ ഗ്രാമത്തിന്റെ തിരുമുറ്റത്ത് എത്തിക്കഴിഞ്ഞു. വഴിയരികിൽ നിന്ന്

നാട്ടുകാരുടെ ചോദ്യം നീ ആരാ? നീ എവിടത്തുകാരിയാ? ഇങ്ങനെയുള്ള ചോദ്യം അവളെ അലട്ടിയിരുന്നു. അവൾ ഒരു പുഞ്ചിരിയിൽ ഉത്തരം നൽകി. അങ്ങനെ നിറഞ്ഞ ചിരിയോട് അവൾ ഗ്രാമം ചുറ്റി കാണാൻ മുന്നോട്ട് നീങ്ങി.
അവളുടെ മുഖത്ത് ചിരിയുണ്ടായിരുന്നുവെങ്കിലും മനസ്സിൽ ചെറിയ വിങ്ങലുംകളും സങ്കടങ്ങളും കുന്നു കൂടിയിരുന്നു. പിന്നീട് അവൾ പാടവരമ്പത്തുകൂടി നടക്കുകയാണ്. പ്രകൃതിഭംഗിയിൽ ആഴ്ന്നിറങ്ങി അവൾ അവളെ തന്നെ മറന്നു. പച്ചപ്പ് കൊണ്ട് നിറഞ്ഞ് പൂത്ത് നിൽക്കുന്ന പാടം. ഇടയിൽ പച്ചക്കറികൾ അവളെ നോക്കി ചിരിക്കുന്നതായി അവൾക്ക് തോന്നി. പച്ച തക്കാളി പഴുത്ത് തുടിച്ച തക്കാളിയെ നോക്കി കരയുന്നു.പഴുത്ത തക്കാളി ആണെങ്കിൽ താനാണ്
തക്കാളിയിൽ വലിയ രാജാവ് എന്ന ഭാവത്തിൽ അഹങ്കാരത്തോടെ പച്ചത്തക്കാളിയെ നോക്കുന്നു.ഇതുപോലെ തന്നെയാണ് സമൂഹവും നിറത്തിന്റെയും പണത്തിന്റെയും കാര്യത്തിൽ വലിയവൻ ചെറിയവൻ എന്ന ഒരു വിവേചനം.അങ്ങനെ തക്കാളിയെ കണ്ടതുകൊണ്ട്
സമൂഹത്തിലെ ചെറിയവൻ വലിയവൻ എന്ന വിവേചനത്തെക്കുറിച്ച് അവൾക്ക് ചിന്തിക്കാൻ കഴിഞ്ഞു.നേരം സന്ധ്യ ആകാറായി.ആ വരമ്പിൽ തന്നെ അവൾ ധരിച്ച ദാവണിയുടെ ഒരറ്റം നിലത്തോട് പിരിച്ച് അതിൽ കിടന്നു.എല്ലാത്തിനും സാക്ഷിയായിട്ടുള്ള മഹാസാക്ഷിയായ ആകാശത്തെ നോക്കി അവൾ പൊട്ടുന്നനെ കണ്ണുനീർ പൊഴിച്ചു. അവളുടെ കണ്ണിൽ നിന്ന് ആ കണ്ണുനീർ എന്തിനാണ് പൊഴിഞ്ഞതെന്ന് അവൾക്കറിഞ്ഞുകൂടാ. മറ്റുള്ളവർ അച്ഛനെയും അമ്മയെയും കുറിച്ച് പറയുന്നത് അവൾ കേട്ടിട്ടുണ്ട് .പക്ഷേ അങ്ങനെ രണ്ടു പേർ തനിക്കുണ്ടോ എന്ന് അവൾക്കറിഞ്ഞുകൂടാ. അവൾക്ക് വലിയ വിദ്യാഭ്യാസം ഇല്ല. അവൾ എപ്പോഴും തന്റെ മനസ്സിനോട് ചോദിക്കും ഞാൻ ആരാ? ആ ചോദ്യത്തിന് അവൾക്ക് ഇതുവരെ ഒരു ഉത്തരവും കിട്ടിയില്ല. അവൾ താമസിച്ചിരുന്ന സ്ഥലത്തിലെ ഒരു വ്യക്തി  പറഞ്ഞുവത്രെ അരയി ഗ്രാമത്തിൽ പോകു കുമാര വർമ്മയെ കുറിച്ചും ലക്ഷ്മിയെ കുറിച്ച് അറിയൂ.... എല്ലാം അറിയു . അങ്ങനെയാണവൾ അരയിൽ എത്തിച്ചേർന്നത്. പത്ത്

മണിക്കൂർ നീണ്ടു ഇതുവരെ ആരുടെയടുത്തും ഒന്നും ചോദിച്ചില്ല. പെട്ടെന്ന് അവളുടെ ധൈര്യം ചോർന്ന് പോകുന്നു. നേരം പുലർന്നു . പുല്ലിൽ പറ്റിപ്പിടിച്ചിരിക്കുന്ന മഞ്ഞുതുള്ളി അവളുടെ കവിളിനെ തലോടി .അവൾ ഉണർന്നു.

പിന്നെ രാവിലത്തെ യാത്ര തുടർന്നു. അടുത്തുണ്ടായ മാവിൻ കൊമ്പിൽ നിന്ന് ഒരു മാമ്പഴം ഠപ്പേ!ന്ന് വീണു. ആർത്തിയോടെ അവൾ അത് കഴിച്ചു. അവൾ പിന്നീട് ഒരു അപ്പൂപ്പനെ കണ്ടുമുട്ടി. മുഖമൊക്കെ ചുക്കിചുളിഞ്ഞ ,ആരെയെങ്കിലും കൊത്താൻ വരുന്ന രീതിയിലുള്ള മൂക്കും, നീളമുള്ള കൈയും, കൈയ്യിലൊരു വടിയും. അവൾ ആ അപ്പൂപ്പനോട് ചോദിച്ചു: ഈ ഗ്രാമത്തിൽ പണ്ടൊരു കുമാര വർമ്മൻ ഉണ്ടായില്ലേ അവരെ കുറിച്ച് എന്തെങ്കിലും താങ്കൾക്ക് അറിയാമോ?

അപ്പൂപ്പൻ വിശദീകരിച്ച് പറഞ്ഞു. കുമാര വർമ്മൻ 'മ്... എനിക്കറിയാം . പണ്ടൊരിക്കൽ കുമാര വർമ്മയും രവിവർമ്മയും തമ്മിൽ വസ്തുവിൻ്റെ പേരിൽ ഒരു തർക്കം ഉണ്ടായിരുന്നു. കുമാര വർമ്മയ്ക്ക്  ഭാര്യയും ഒരു മകളും ഉണ്ടായിരുന്നു. അവൾ ചോദിച്ചു എന്താ അവരുടെ പേര്?

ഭാര്യ കുഞ്ഞു മാത മകൾ ലക്ഷ്മി.

ആ കാര്യത്തിലേക്ക് കടക്കാം എന്ന് പറഞ്ഞ് അപ്പൂപ്പൻ തുടർന്നു. അങ്ങനെ അവസാനം നിയമം അനുസരിച്ച് കുമാരവർമ്മയ്ക്ക് വസ്തു കിട്ടി.രവി വർമ്മയ്ക്ക് അധികഠിനമായ കോപം വന്നു. ഒരു ദിവസം അദ്ദേഹംകുമാരവർമ്മയോട് സ്നേഹം പ്രകടിപ്പിച്ച് ഒരു കാട്ടിനുള്ളിലേക്ക് കൂട്ടി കൊണ്ട് പോയി. രവിവർമ്മൻ തഞ്ചം നോക്കി കുമാരവർമ്മയ്ക്കെതിരെ അയുധം പ്രയോഗിച്ചു. മൂർച്ചയേറിയ ഒരു വാൾ പിന്നാമ്പുറത്തു നിഹം ദ്രോഹിച്ചു. അവളെ അദ്ദേഹം വഴിയോരത്ത് ഉപേക്ഷിച്ചു .  പിന്നീട് ആ നാട്ടുകാർ ലക്ഷ്മിയെ കണ്ടില്ല.ഭാര്യ കുഞ്ഞുമാത ഭർത്താവും മകളും നഷ്ടപ്പെട്ടവിഷമത്തിൽ ഇപ്പോഴും ആകെ പരിഭ്രാന്തരായി മാനസിക നില തെറ്റി ഒരു മുറിക്കുള്ളിൽ കഴിഞ്ഞുകൂടുന്നു.അത് കേട്ടതും അവൾ ധൃതിയോടെ ചോദിച്ചു ആ മുറി എവിടെയാ ? അദ്ദേഹം പറഞ്ഞു .ദാ ആ മലയോരത്ത് . അവൾ അവിടത്തേക്ക് ഓടി പോയി. അവൾ ആ മുറി തുറന്നതും അവിടെ ഒരു സ്ത്രീ കരയുകയും ചിരിക്കുകയും മാനസികനില തെറ്റിയ അവസ്ഥയിൽ ഇരിക്കുന്നു. അമ്മേ ... ഞാൻ

ലക്ഷ്മി എന്ന് നീട്ടി പറഞ്ഞു അവൾ . അമ്മയുടെ മകൾ. ഇതുവരെ തിരിച്ച കിട്ടാത്തഎന്തോ പോലെയാണ് അമ്മയ്ക്ക് ലക്ഷ്മിയെ കണ്ടപ്പോൾ തോന്നിയത്. അമ്മയ്ക്ക് സന്തോഷമായി. പിന്നീടുള്ള ജീവിതം അമ്മയും മകളും സന്തോഷത്തോടെ ജീവിച്ച് തീർത്തു.

# അമ്മയോർമ്മ



വിനീത എ കെ




അനുദിനം വളരുന്ന കവിതയാം മനസ്സിന്റെ
ഉൾപേരു പറയാതെയാരോ വലിച്ചു നീട്ടി
അമ്മിഞ്ഞപ്പാലിന്റെ സ്നേഹമാതൃത്വം
ഒരു കാവൽ നിഴലായി അകന്നുപോയി
തൊടിയിലെ മന്ദാരം പോലുള്ള
ജീവന്റെ നെഞ്ചനങ്ങാണ്ടായോ ?
ജീവിതപാതയിൽ കരിനിഴൽ കൊണ്ട-
തു താലിചാർത്തി, ഇനിയൊരുവേള
യെന്നമ്മയാം ജീവിതത്തെ ഞാനിനി
യെന്നു കാണും? നീലഷിഫോണി
ന്റെ ചേലുള്ള സാരിയിൽ മഞ്ഞുത്തുള്ളി
കൾ പോലും ചലിച്ചിരുന്നോ?
എൻ തെറ്റു പോലും പറഞ്ഞുതീർ
ക്കാനിനിയെന്നമ്മയെൻ കൂടെയില്ലല്ലോ
പടിഞ്ഞാറൻ കോലായിൽ വീശുന്ന തങ്ക
വെയിലിൻ കാറ്റിൽ എൻ പ്രാണന്റെ
സ്വരം മുഴങ്ങിയാൽ, കൂകുന്ന-
കോകിലം പോലും നിശബ്ദമാവും
ആ സ്നേഹതംബുരു ഇനിയെന്നു മുഴങ്ങും?
കൃഷ്ണമണി വീണുടഞ്ഞ മനുഷ്യന്റെ

പ്രാണനാണെനിക്കിന്നെൻ
പ്രാണൻ, അക്കരെക്കണ്ടത്തിൽ
അമ്മയെക്കത്തിച്ച പുകയതാ
നീളുന്നൂ എന്നിലേക്ക്.......
നൂലുകൾ പൊട്ടിയ
മുത്തുമാലയുടെയാദ്യദിനമാണിന്ന്.....
പൊട്ടിയ നൂലിനെ പുതുതായി
വാങ്ങാം....എങ്കിലും പഴയ
നൂലിന്നത്ര ചന്തം വരുമോ?
മുത്തുകൾ തെറിച്ചൊരാ
വഴികളിനിയും കാണാതെ
പുതിയ നൂലിനാൽ അവ
കോർക്കാമോ?

---

# സത്യമാണോ?

ഐശ്വര്യ ബി



**ആ** വഴി പോകുമ്പോഴൊക്കെ വല്ലപ്പോഴുംശ്രദ്ധിച്ചിട്ടുണ്ട് ,അത് കാണുമ്പോഴൊക്കെ ഒരു അകാംക്ഷയും എനിക്കുണ്ടാവാറുണ്ട് .

എന്നാലും അതെന്തായിരിക്കും?

തന്റെ കുഞ്ഞു കട്ടിലിൽ കമിഴ്ന്ന് കിടന്നുകൊണ്ട് അവൾ ആലോച നയിലാണ്ടു

"ചാരൂ... ചാരൂ..."

അടുക്കളയിൽ നിന്നുമുള്ള അമ്മയുടെ വിളിയാണ് ചാരുവിനെ ചിന്തയിൽ നിന്ന്



ഉണർത്തിയത്.പെട്ടെന്നവളൊന്ന് ഞെട്ടി.

"ദാ.. വരുന്നമ്മേ..." എന്നും പറഞ്ഞവൾ അടുക്കളയിലേക്കോടി

അടുക്കള യിൽ കാര്യമായ കലാപരിപാടിയിലാണ്

അമ്മ.രാത്രിയിലേക്കുള്ള ചപ്പാത്തിക്ക് മാവ് കുഴയ്ക്കുകയാണ്.ചാരു

അടുക്കളയിലേക്ക് വന്നു.

"ചാരൂ..നീയാ പച്ചക്കറികളൊക്കെ ഒന്നരിഞ്ഞുവെച്ചേ"

മാതാശ്രീയുടെ കൽപന കിട്ടിയതും അവൾ ജോലി തുടങ്ങി.

പച്ചക്കറിയരിയുമ്പോഴൊന്നും അവളുടെ മനസ് ഇവിടെയൊ ന്നുമല്ല

എന്ന് കണ്ടതും അമ്മയുടെ സ്വരം വീണ്ടും അവളെ തേടിയെത്തി.

"ചാരൂ നീയിത് ഏത് ലോകത്താടീ?" വീണ്ടും അവളൊന്നു ഞെട്ടി.

"ങേ...ഒന്നൂല്ലമ്മേ...ഞാൻ...വെറുതേ...ഓരോന്ന്..."

അവൾ പാതിയിൽ നിർത്തി.

"മ്ം.ഇതരിഞ്ഞ് കഴിഞ്ഞ് പോയിരുന്നു പഠിച്ചോണം.പത്താം ക്ലാസിലേ

ക്കാണ് ഇനി പോകേണ്ടതെന്ന വല്ല വിചാരവും നിനക്ക് ഉണ്ടോടീ?"

മാതാശ്രീ പോരിനുള്ള പുറപ്പാടാണെന്ന് തോന്നുന്നുണ്ട്.

"ഹോ! എൻെറ പൊന്നമ്മേ ഇന്നെങ്കിലും ഈ വാമൊഴി ഒഴിവാക്കാമാ

യിരുന്നില്ലേ,കേട്ടു കേട്ടു ഞാൻ മടുത്തു.ക്ലാസ് തുടങ്ങാൻ ഇനിയും

പത്ത് ദിവസം കൂടിയില്ലേ?"അവൾ തിരിച്ചടിച്ചു.

"പത്ത് ദിവസമൊക്കെ കണ്ണടച്ച് തുറക്കുന്നതിനു മുമ്പേ അങ്ങ് പോകും

ഉഴപ്പാനാണ് നിൻെറ ഭാവമെങ്കിൽ..."

അതിൽ ഒരു ഭീഷണിയുടെ സ്വരം ഇല്ലാതില്ല.

"അമ്മയ്ക്കിപ്പോൾ എന്തു വേണം? ഞാൻ പഠിക്കണം അത്രയല്ലേ ഉള്ളൂ.

ശരി ,ഇതാ പച്ചക്കറിയൊക്കെ ഞാനരിഞ്ഞു കഴിഞ്ഞു.ഇനി ഞാൻ

പോയി പഠിച്ചോളാം.പോരേ? "ചാരുവിന് സഹികെട്ടു.

"ശരി പോ പോയി പഠിക്ക് ."

ഇതും കേട്ടുകൊണ്ടാണ് വേറൊരാൾ ആ വഴി വന്നത്.

"അമ്മേ ചപ്പാത്തി റെഡിയായോ ?" അമ്മയോടുള്ള ചോദ്യമെത്തി.

അമ്മയുടെ ഒരു നോട്ടത്തിൽ കക്ഷി വാ തുറന്നില്ല.

"ചിക്കൂ നീ വന്ന് എന്നെയൊന്ന് സഹായിച്ചേ. ഈ ചപ്പാത്തിയൊക്കെ ഒന്ന് ചുട്ടെടുത്തേ."

അമ്മയ്ക്ക് പോരിടാൻ അടുത്തയാളെ കിട്ടിയതും ചാരു വന്ന വഴി വിട്ടു. റൂമിലെത്തി പഠിക്കാനിരുന്നിട്ടും അവളുടെ മനസിൽ വീണ്ടും വിണ്ടും ആ വഴി തന്നെ കടന്നുവന്നുകൊണ്ടിരുന്നു. ആകാംക്ഷ മൂത്തപ്പോൾ പിന്നെ അവൾ ഒന്നും നോക്കിയില്ല ,അമ്മയുടെ അടുത്തു പോയി ഒറ്റ ചോദ്യമായിരുന്നു.

"അമ്മേ എന്നെ സ്കൂൾ മാറ്റ്വോ?"

അതിന്റെ ഭാവിഫലങ്ങളെപ്പറ്റി അവൾ ആ സമയം ഓർത്തില്ലായിരു  ന്നു.

"എന്താ? "അമ്മയായിരുന്നു.

"അമ്മേ പ്ലീസ് അമ്മേ.... എനിക്കിപ്പോൾ പഠിക്കുന്ന സ്കൂൾ ഇഷ്ടമല്ല. എനിക്കവിടെ കൂട്ടുകാരായിട്ട് ആരുമില്ല."അവളുടെ സ്വരത്തിൽ യാചന കലർന്നിരുന്നു.

"അതെന്താടീ നീ ഇത്രയും കാലം അവിടെയല്ലേ പഠിച്ചേ പിന്നെ പെട്ടെന്നെന്താ ഒരു മനം മാറ്റം?"-അമ്മ

അമ്മേ പ്ലീസ് അമ്മേ അച്ഛനോട് ഒന്നു പോയി പറയ്വോ ?പ്ലീസ്...."

വീണ്ടും ചാരുവിന്റെ ദയനീയമായ ശബ്ദം.

എനിക്ക് പറ്റില്ല  നീ തന്നെ പോയി പറഞ്ഞാ മതി.എന്നോടൊന്നും പറയണ്ട കേട്ടല്ലോ.അമ്മ കൈയൊഴിഞ്ഞു.

ചാരുവിന്റെ  കണ്ണ് അടുത്തയാളിൽ ചെന്ന് പതിച്ചു.

"ഏട്ടാ പ്ലീസ്....ഒന്നുമില്ലേലും ഞാൻ നിന്റെ ഒരേയൊരു അനിയത്തി അല്ലേടാ.അതുകൊണ്ട് ഒന്നച്ഛനോട് പോയി പറയെടാ"

ചാരു ആവശ്യത്തിലധികം പതപ്പിക്കുന്നുണ്ട്.

"അയ്യടി എന്താ ഒരു വിനയകുലീനത! കുറച്ചു മുമ്പ് വരെ നീ എന്താടീ എന്നെ വിളിച്ചോണ്ടിരുന്നേ? എന്നിട്ടിപ്പോ...അവൾടെ ഒരേട്ടൻ.."

അവിടന്നും നൈസായിട്ട് കൈയ്യീന്ന് പോയി.

”ശരി അപ്പോ ആർക്കും എന്നെ സപ്പോർട്ട് ചെയ്യാൻ പറ്റില്ലല്ലേ?”

ചാരു അവസാന ശ്രമം പോലെ ചോദിച്ചു.

”ഇല്ല.”രണ്ടുപേരും ഒറ്റ സ്വരത്തിൽ പറഞ്ഞു.

”ഹും” രണ്ടുപേരെയും നോക്കി ഒന്ന് പുച്ഛിച്ചുകൊണ്ട് ചവിട്ടിത്തുള്ളി അവൾടെ അച്ഛനടുത്തേക്ക് പോയി.റൂമിൽ കട്ടിലിൽ ഹെഡ്റെസ്റ്റിൽ തലവെച്ച് കാര്യമായ പുസ്തകവായനയിലാണ് പിതാവ്.ചാരു അവിടേക്ക് ചെന്ന് ആവശ്യത്തിലധികം വിനയം വാരിയെറിഞ്ഞുകൊണ്ട് വിളിച്ചു.

”അച്ഛാ...”

അദ്ദേഹം തലചെരിച്ചൊന്നു നോക്കി.

”ആ എന്താ?”

മുഖത്തെ സ്ഥായിഭാവമായ ഗൗരവം വിടാതെ അദ്ദേഹം ചോദിച്ചു.

”അത്...അത് പിന്നെ...എനിക്ക്....അച്ഛാ എനിക്ക് സ്കൂൾ മാറിയാ കൊള്ളാമെന്നുണ്ട്”.

ആദ്യമൊന്ന് ബ്ബബ്ബബ്ബ അടിച്ചെങ്കിലും ചാരു എങ്ങനെയോ പറഞ്ഞൊപ്പിച്ചു.

”എവിടേക്ക് പോകാനാ നിന്റെ ആഗ്രഹം?”

ചാരുവിനെ തീർത്തും അമ്പരപ്പിച്ചുകൊണ്ടായിരുന്നു അച്ഛന്റെ ആ ചോദ്യം.

”ഞാൻ നാളെ കാണിച്ചു തരാം അച്ഛാ.....ഇവിടെ അടുത്തു തന്നെയാ സ്ഥലം.”-ചാരു പറഞ്ഞു.

”മ്ം ശരി” -അച്ഛൻ പറഞ്ഞു.

റൂമിലേക്ക് നടക്കുമ്പോഴും അച്ഛൻ പറഞ്ഞതിന്റെ ഹാങ്ങ് ഓവറിൽ തന്നെയായിരുന്നു ചാരു.

എന്തായാലും അച്ഛൻ സമ്മതിച്ചല്ലോ അതു മതി എനിക്ക്, ഇതായിരുന്നു അവളുടെ ചിന്ത.

സൂര്യരശ്മി കണ്ണിൽ വന്ന് പതിച്ചപ്പോഴാണ് അവൾ കണ്ണുകൾ ചിമ്മി

തുറന്നത് .അവൾ ഭിത്തിയിലെ ക്ലോക്കിലേക്ക് ഒന്നു നോക്കി.
സമയം 5:30 ആയതേ ഉള്ളു. എന്നാലും അവൾ
എണീറ്റു.അച്ഛനോടൊപ്പം പോകാനാണ് കക്ഷിയുടെ ഭാവം. അച്ഛൻ
കടയിലേക്ക് പോകും വഴി തന്നെയാണ് സ്കൂളും. പ്രാതലും കഴിച്ച് അവർ
നടന്ന് തുടങ്ങി.

മഞ്ഞുത്തുള്ളികൾ പുല്ലുകളിൽ തിളങ്ങിനിൽക്കുന്നുണ്ട്.അതൊക്കെ
കണ്ടുകൊണ്ട് അവർ ആ മൺപാതയിലൂടെ നടന്നു. ഇരുവശങ്ങളിലും
നിറഞ്ഞു നിൽക്കുന്ന നെൽപ്പാടമാണ്. വേലി കെട്ടി എല്ലാം
കാണാനൊരു ഭംഗിയുണ്ട്. സൂര്യൻ മേഘങ്ങൾക്കിടയിലൂടെ
ഉദിച്ചുവരുന്നുണ്ട്. മൺപാത കഴിഞ്ഞ് ഒരിടവഴിയിലേക്ക് അവർ
തിരിഞ്ഞു. ഇടവഴി കഴിഞ്ഞെത്തുന്നത് റോഡിലേക്കാണ്. കുറച്ച്
ദൂരം പിന്നിട്ടതും പലപ്പോഴും തന്റെ ഉറക്കം കെടുത്താറുള്ള ആ സംഭവം
അവളുടെ കണ്ണിൽപ്പെട്ടു.

ഇത് ഞാൻ കണ്ടുപിടിക്കും. അവൾ മനസിൽ പറഞ്ഞു. സ്കൂൾ
കവാടം എത്തിയപ്പോൾ അവളൊന്നു നിന്നു. അച്ഛനോടായി പറഞ്ഞു.
“അച്ഛാ ഇതാണ് സ്കൂൾ.”
അദ്ദേഹം തിരിഞ്ഞു നോക്കി. ഒരു ഞെട്ടൽ ആ കണ്ണുകളിൽ
പ്രത്യക്ഷമായത് അവൾ വ്യക്തമായി വീക്ഷിച്ചിരുന്നു.
“ എന്താ അച്ഛാ ഒന്നും മിണ്ടാത്തെ? നമുക്ക് പോകണ്ടേ?”
ചാരുവിന്റെ ശബ്ദമാണ് അദ്ദേഹത്തെ തിരിച്ചു ബോധമണ്ഡലത്തിലേക്ക്
കൊണ്ടുവന്നത് .
“ ങാ വാ പോകാം.” സ്കൂളിൽ കയറി അഡ്മിഷന്റെ കാര്യങ്ങളൊക്കെ
ചോദിച്ചറിഞ്ഞ് അവൾ വീട്ടിലേക്കും അച്ഛൻ സ്കൂളിലേക്കും തിരിച്ചു.
പത്ത് ദിവസം അമ്മ പറഞ്ഞത്പോലെ കണ്ണടച്ച് തുറക്കുന്നതിന്
മുന്നേ കടന്നുപോയി. ചാരുവിന്റെ പുതിയ സ്കൂളിലെ ആദ്യ ദിവസമാണ്.
കൂടാതെ പത്താം ക്ലാസും. ചാരു നടന്നാണ് പോകുന്നത്.
ആദ്യദിവസമായതിനാൽ അവൾ നേരത്തെ തന്നെ ക്ലാസിൽ കയറി.

ആദ്യം പരിചയപ്പെടലായിരുന്നു. അവൾ എല്ലാവർക്കും നല്ല രീതിയിൽ മറുപടി നൽകി. ഇന്റർവെല്ലായതും അവൾ സ്കൂളിൽ താൻ കണ്ട സ്ഥലത്തേക്ക് പോയി. അവിടെ ആരും തന്നെ ഉണ്ടായിരുന്നില്ല. അവൾ അവിടെ, ചുറ്റുപാടും ഒന്ന് നിരീക്ഷിച്ചു. വിശദമായി നോക്കിയപ്പോൾ മനസിലായി അതൊരു തുരങ്കമാണെന്ന് . അവൾ പതിയെ അതിനകത്തേക്കൊന്നു നോക്കി. മുഴുവൻ കറുപ്പുനിറമായിരുന്നു അവിടം. അവൾ ഒന്നുകൂടി അകത്തേക്ക് കയറി എത്തിനോക്കി. അത്ഭുതപ്പെടുത്തുന്ന കാഴ്ചകളായിരുന്നു അവൾക്ക് കാണേണ്ടി വന്നത്. അവൾ പതിയെ കുറച്ചുകൂടി അതിനകത്തേക്ക് കയറി . അവിടെ നിറയെ മരങ്ങൾ നിറഞ്ഞുനിൽക്കുന്നു. ശരിക്കും കാട് തന്നെ. സ്വർണനിറത്തിലുള്ള മാൻപേടകൾ തുള്ളിച്ചാടുന്നു. കളകളാരവം മൂളിക്കൊണ്ട് നദികളൊഴുകുന്നു. ചാരുവിന് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. അവൾ നടന്നുതുടങ്ങിയതും പുതിയൊരാളെ അവൾക്ക് കൂട്ടുകിട്ടി. അവൾക്ക് അതൊരു നല്ല സൗഹൃദമായിരുന്നു. ആ സുഹൃത്തും അവളെപ്പോലെത്തന്നെ വേറൊരു വഴിയിലൂടെ ആ അത്ഭുതലോകത്തേക്ക് എത്തിപ്പെട്ടതാണെന്ന് കൂടുതൽ സംസാരിച്ചപ്പോൾ അവൾക്ക് മനസിലായി. കുറേ നേരം കഴിഞ്ഞിട്ടും അവൾക്കവിടുന്ന് പോരാൻ മനസുവന്നില്ല.

"ചാരൂ...." ആ വിളികേട്ട് പെട്ടെന്നവൾ ഞെട്ടിയുണർന്നു. മുന്നിൽ അമ്മ നിൽക്കുന്നുണ്ട്. അവൾ ചുറ്റുമൊന്ന് നോക്കി താനിപ്പോഴും തന്റെയാ കുഞ്ഞുകട്ടിലിൽ തന്നെയാണ് എന്ന 'സത്യം'മനസിലാക്കാൻ അവൾക്ക്
രണ്ടുനിമിഷം വേണ്ടിവന്നു. 'സ്വപ്നമായിരുന്നോ?' അവൾ മനസിൽ ആലോചിച്ചു. വീണ്ടും അമ്മയുടെ വിളിയാണ് അവളെ തിരിച്ചുകൊണ്ടുവന്നത്.

"ഹാ.. ഞാൻ വരാം അമ്മേ. അമ്മ പൊക്കോ." അവൾ പറഞ്ഞു. ശൊ എന്തുനല്ല സ്വപ്നമായിരുന്നു. ഇത് സത്യമായിരുന്നെങ്കിലോ?" അമ്മ പോയിക്കഴിഞ്ഞും ഒരു നെടുവീർപ്പോടെ അവളോർത്തു .

# എരിയുന്ന വയർ

മയൂഖ കെ വി



**കി**ഴക്ക് വെള്ളക്കാലുകൾ വീശി. സാധാരണ തിരക്കുള്ള ഒരു ദിവസം, കൈലക റെയിൽവേ സ്റ്റേഷൻ പരിസരത്ത് പ്ലാറ്റ്ഫോം നമ്പർ ഒന്നിൽ വണ്ടി എത്തിച്ചേർന്ന് കൊണ്ടിരിക്കുന്നു. പ്രഭാതത്തിന്റെ ഈരടികൾ അങ്ങും മിങ്ങും പറന്നു നടന്നു. പെട്ടെന്നാണ് എന്റെ കണ്ണുകൾ തുറന്നത്. വണ്ടി പ്ലാറ്റ്ഫോമിൽ എത്തിച്ചേർന്നിരുന്നു.എനിക്ക് ഇറങ്ങേണ്ട സ്റ്റേഷൻ ആയതുകൊണ്ട് ഞാൻ പെട്ടന്നു ബാഗ് ഒക്കെ എടുത്ത് വണ്ടിയിൽ നിന്ന് ഇറങ്ങി. അവിടെ കണ്ട ഒരു ബെഞ്ചിലേക്ക് എന്റെ ബാഗ് ഒക്കെ ഇറക്കി വെച്ചു. അവിടെ ഞാൻ കുറച്ചു സമയം ചിലവഴിച്ചു.

വീട്ടിൽ ആയിരുന്നവെങ്കിൽ ഈ സമയത്ത് അമ്മ ചായയുമായി വന്നേനെ, ആ നേരത്താണ് അതുവഴി ഒരു പെൺകുട്ടി ചായയുമായി കടന്നുപോകുന്നത് കണ്ടത് . അവളെ പെട്ടന്നു തന്നെ അടുത്തേക്ക് വിളിച്ചു.''ഹേയ് ഒരു ചായ'' അവൾ അടുത്തേക്ക് വന്നു കൈയിൽ ഉണ്ടായിരുന്ന സമ്മോവറിൽ നിന്നും ഒരു ഗ്ലാസ്സ് ചായ പകർന്നു തന്നു.



വര: റോബിൻ പി

"എത്രയാ?"ഞാൻ ചോദിച്ചു. അവൾ പറഞ്ഞു '10രൂപയാ സർ '. ഞാൻ എന്റെ പേഴ്സിൽ നിന്നു 10 രൂപ അവളുടെ കൈകളിലേക്ക് നീട്ടി. പൈസ വാങ്ങാനായി അവൾ മുഖം ഉയർത്തി. അവളുടെ മുഖത്തുള്ള ആ വെള്ളാരം കണ്ണുകൾ എന്നെ നിശ്ചലമാക്കി. ഞാൻ ആ കണ്ണുകളിൽ അലിഞ്ഞു ചേർന്നു, എന്നുപോലും എനിക്ക് തോന്നി. 2,3ദിവസത്തേക്ക് എനിക്ക് അവളുടെ ദയനീയമായ മുഖം മനസ്സിൽ

മായാതെ നിന്നു. പിന്നീട് ജോലിത്തിരക്കും മറ്റുതിരക്കുകളും ഉണ്ടായിരുന്നു. ഞാൻ അറിയാതെ എന്റെ ഓർമ്മയിൽ നിന്ന് അവളെ മായിച്ചു കളഞ്ഞു.ദിവസങ്ങളും മാസങ്ങളും കടന്നു പോയി ഒരിക്കൽ അതു പോലൊരു പ്രഭാതം അപ്രതീക്ഷിതമായി വീണ്ടും അവളെ കണ്ടു മുട്ടി.അവളുടെ ദയനീയമായ മുഖത്തിലും തിളങ്ങുന്നത് അവളുടെ ആ കണ്ണുകൾ മാത്രം ആയിരുന്നു. പതിവുപോലെ ഞാൻ അവളുടെ കൈയിൽ നിന്നും ചായ വാങ്ങി, അവളുടെ പിന്നാലെ അവൾ അറിയാതെ പോയി .അവൾ നടന്നു നടന്ന് എത്തിയത് ഒരു ചെറിയ കുടിലിൽ ആയിരുന്നു. എന്റെ കണ്ണുകളിൽ അവിടെ കണ്ട കാഴ്ച കരളലിയിക്കുന്നതായിരുന്നു. വിശന്ന് അവശനായിരിക്കുന്ന അവളുടെ അനുജനാണെന്ന് തോന്നിപ്പിക്കുന്ന കുട്ടി. ഞാൻ അവരുടെ കുഞ്ഞു കുടിലിലേക്ക് ചെന്ന് കയറിയപ്പോൾ അവിടെ ശാന്തമായ അന്തരീക്ഷമായിരുന്നു. അവളറിയാതെയാണ് ഞാൻ അവിടെയെത്തിയത്. അതേപ്പോലെ യാത്ര തിരിക്കുകയും ചെയ്യ്തു. പിറ്റേന്ന് ഞാൻ പുലർച്ചതന്നെ റെയിൽവേ സ്റ്റേഷനിലെത്തി. ഞാൻ അവളെയും അവളുടെ അനുജനെയും കണ്ടുമുട്ടി. അവളുടെകൈയ്യിൽ പ്ലാസ്റ്റിക് കൂടുണ്ടായിരുന്നു, എന്റെ കണ്ണുകൾ അതിലേക്ക് മാത്രമായി ഒതുങ്ങി. അവർ നടന്ന് നടന്ന് എത്തിയത് വലിയ ഒരു മരത്തിന്റെ തണലത്തായിരുന്നു. അവിടെ രണ്ടു പേരും ഇരുന്ന്, അവളുടെ കൈയ്യിലുണ്ടായിരുന്ന ആ ഒരു കുഞ്ഞു പൊതി തുറന്നു. എനിക്ക് തോന്നിയത് പോലെ തന്നെ അത് ഒരു ഭക്ഷണപ്പൊതി ആയിരുന്നു. പക്ഷേ ആ കൂടിലുണ്ടായത് പഴകിയതും മറ്റാരൊക്കെയോ കഴിച്ചതിന്റെ ബാക്കിയുമായിരുന്നു.

ഈ കാഴ്ച എന്നെ ഹൃദയത്തെ ആകമാനം പിടിച്ചുലച്ചു. എന്റെകൈയ്യിലുണ്ടായിരുന്ന ഭക്ഷണപ്പൊതി ഞാൻ അവൾക്കു നേരെ നീട്ടി. അവൾ അത് വാങ്ങാൻ മടിച്ചു.അവൾ എന്നോട് പറഞ്ഞു 'ഞങ്ങൾക്ക് വേണ്ട, ഞങ്ങളുടെ കൈയ്യിലുണ്ട്.' ഞാൻ ഒന്നും മിണ്ടിയില്ല. 'ഞാൻ ഭക്ഷണം അവളുടെ കൈയ്യിൽ കൊടുത്ത് അവളുടെ കൈയിലുണ്ടായ പൊതി ഞാൻ വാങ്ങിച്ച് ഞാൻ കഴിക്കാൻ തുടങ്ങുമ്പോൾ അവൾ പറഞ്ഞു. 'സാറേ താങ്കൾ ആ ഭക്ഷണം കഴിക്കരുത് അത് മോശമാണ്.'
ഈ വാക്കുകൾ മുഴുവനായും പറയും മുൻപേ അവളുടെ തിളക്കമുള്ള കണ്ണുകൾ നിറഞ്ഞിരുന്നു, ശബ്ദം ഇടറിയിരുന്നു. ഒരു നിമിഷം ഒന്നും പറയാനാവാതെ ഞാനും പകച്ചുപ്പോയി.അപ്പോഴേക്ക് വിശപ്പ് സഹിക്കാനാവാതെ അവളുടെ കുഞ്ഞനിയൻ ആ ഭക്ഷണ പൊതിയിൽ നിന്നും അതീവ ശ്രദ്ധയോടെ ഭക്ഷണം കഴിക്കാൻ തുടങ്ങിയിരുന്നു.

പതിയെ സന്തോഷം നിറഞ്ഞ ഒരു ചെറു പുഞ്ചിരിയോടെ അവളും സാവധാനം ഭക്ഷണം കഴിക്കുവാൻ ആരംഭിച്ചു. പലതരം സാഹചര്യങ്ങളിൽ ജീവിതം കടന്നുപോയെങ്കിലും അപ്പോഴൊന്നും

തോന്നാത്ത തരത്തിൽ ഒരു സംതൃപ്തി എന്നെ സന്തോഷവനാക്കി. ഭക്ഷണത്തിനിടയിൽ അവരുടെ കാര്യങ്ങൾ ചോദിച്ചില്ല, മനസ്സിലാക്കാനും ഞാൻ മടിച്ചില്ല.ആരോരുമില്ലാത്ത പിഞ്ചു കുട്ടികളെ സുരക്ഷിതമായ കൈകളിൽ എത്തിക്കണം. അർഹതപ്പെട്ട വിദ്യാഭ്യാസം, ലഭ്യമാകണം എന്ന കാര്യം മനസ്സിലാക്കി .

അതിനായി ഗവൺമെന്റും മറ്റും ഇതര സംഘടനകളും നൽകുന്ന നന്മയുള്ള പദ്ധതികളെക്കുറിച്ച് മനസ്സിലാക്കാം എന്ന് മനസ്സിലുറപ്പിച്ച് അവരോട് യാത്ര പറഞ്ഞ് ഞാൻ ആ തെരുവിലൂടെ തിരഞ്ഞു നടന്നു. അപ്പോഴും റോഡരികിൽ രാത്രിയുടെ മറവിൽ കാപാലികർ തള്ളിയ ഭക്ഷണാവശിഷ്ട്ടങ്ങളുടെ ഗന്ധം ഞാൻ അറിയുന്നുണ്ടായിരുന്നു. ഷൂസും, കോട്ടും, പുത്തൻ യൂണിഫോമും ടൈയും ധരിച്ച് സ്കൂളിലേക്ക് പോകുന്ന കുട്ടി സഞ്ചരിച്ച ഒരു ആഡംബര കാറും അതു വഴി വന്നു.

കറുത്ത, കണ്ണട വെച്ച കാണ്ടാമൃഗത്തിനെപ്പോലെ, താടി വച്ച കാറോഡിച്ചു വന്ന ആ വ്യക്തി കാറിന്റെ ഗ്ലാസുകൾ മെല്ലെ താഴ്ത്തി ഒരു പൊതിയെങ്ങ് വലിച്ചെറിഞ്ഞു. തലേന്ന് കഴിച്ച ഭക്ഷണത്തിന്റേതാണ്, അവൻ റസ്റ്റോറന്റുകളിൽ നിന്നും വാങ്ങിയത് മുഴുവനായും കഴിക്കാത്തവ.ആ രംഗം എന്നെ തിരിഞ്ഞു നോക്കാൻ പ്രേരിപ്പിച്ചു.

ആ എറിഞ്ഞ പൊതിയെടുക്കാൻ ഓടുന്ന കുഞ്ഞനിയനെ തടയുന്ന, ആ തിളങ്ങുന്ന കണ്ണുകളിൽ നിന്നുള്ള പ്രകാശം മതിയായിരുന്നു സമൂഹത്തിൽ അന്യരായി പോകുന്ന കുഞ്ഞുങ്ങളെ ചേർത്തുപിടിക്കാനുള്ള മനസ്സ് എന്നിൽ എന്നും നിലനിൽക്കാൻ.........

# ഓണക്കാലം

സ്വർണ രാഗേഷ്



തുമ്പയുംമുല്ലയുംമുക്കുറ്റിയുംചെറു-

നീല  കുറിഞ്ഞിയും പൂത്തു നിന്നു.

മാവേലി  മന്നന്ന പൂക്കളം തീർക്കുവാൻ

മാലോകരെല്ലാരുമൊത്തു കൂടി

ഓണക്കളിയും പുലിക്കളിയും

ഊഞ്ഞാലാട്ടവും തുമ്പിതുള്ളൽ

കേരള നാടിൽ മഹോത്സവം കാണുവാൻ

മാവേലി മന്നൻ വരുമൊരു നാളിൽ



# കുഞ്ചുവിന്റെ ഓണക്കാലം

ശിവന്യ. കെ. വി



അങ്ങനെ കാത്തിരുന്ന് കാത്തിരുന്ന് ആ ദിവസം വരവായി. ഓണത്തിന്റെ തലേന്ന് ഊണും ഉറക്കവും ഉണ്ടായിരുന്നില്ല കുഞ്ചുവിന്. എല്ലാവരും ഓണം ആഘോഷിക്കുന്നത് പോലെ ആഘോഷിക്കാനുള്ള കഴിവൊന്നും ഉണ്ടായിരുന്നില്ല കുഞ്ചുവിന്റെ കുടുംബത്തിന്. എന്നാലും എല്ലാ ഓണത്തിനും അവർ എങ്ങനെയെങ്കിലും കുഞ്ചുവിനെ സന്തോഷിപ്പിക്കാറുണ്ട്. ഓണത്തിന് കുഞ്ഞുവിനു പുത്തനുടുത്തില്ല.അണിയാൻ മാലയില്ല. ഒന്നുമില്ല. അങ്ങനെ ആ ദിവസം വന്നെത്തി. കുഞ്ചുവിന് ആകെ വിഷമം തോന്നി. എല്ലാ കുട്ടികളും രാവിലെ തന്നെ എഴുന്നേറ്റ് പുത്തൻ ഉടുപ്പും ഒക്കെ ഇട്ടിട്ട് പൂ പറിക്കാൻ പോവുകയാണ്. ചിലരാണെങ്കിലോ ടൗണിൽ നിന്ന് പൂക്കൾ വാങ്ങി പൂക്കളം ഒരുക്കുന്നു. ആ സമയത്ത് സാധാരണ ഉടുപ്പിട്ട്  ഒരു പൂക്കളം ഒരുക്കുകയാണ് കുഞ്ചു  എല്ലാ കുട്ടികളും നല്ല ഉടുപ്പ് ഇട്ടിട്ടു കാണുമ്പോൾ  കാണുമ്പോൾ കുഞ്ചുവിന് സങ്കടം തോന്നിയിരുന്നെങ്കിലും  അവൾ അത് വീട്ടുകാരോട്പറഞ്ഞില്ല.അങ്ങനെയിരിക്കെ അവരുടെ വീട്ടിലേക്ക് ഒരു അതിഥി വരുന്നു. ഇന്നേവരെ കാണാത്ത ഒരാളാണ് വന്നത്.  അതുകൊണ്ടുതന്നെ കുഞ്ചുഅവരെ കാണുമ്പോൾ



അകത്തേക്ക് പാഞ്ഞു പോകുന്നു. അവർ വീട്ടിനകത്തേക്ക് വന്നു. എന്നിട്ട് പറയുകയാണ് എനിക്ക് നിങ്ങളെ അറിയാം. നിങ്ങളുടെ വിഷമം കണ്ടിട്ട് വന്നതാണ് ഞാൻ. അതുകൊണ്ടുതന്നെ എന്റെ കയ്യിലുള്ളത് നിങ്ങൾ വാങ്ങിക്കണം. എന്നിട്ട് അത് എന്താണെന്ന് ചോദിച്ചപ്പോൾ ഒരു കവർ നീട്ടി കൊടുക്കുന്നു.അവർ അത് തുറന്നു നോക്കിയപ്പോൾ അതിൽ കുഞ്ചുവിന് വേണ്ടി നല്ല തിളങ്ങുന്ന ഒരു ഉടുപ്പും.അവളുടെ അച്ഛനും അനിയനും.മുണ്ടും ഷർട്ടും അമ്മയ്ക്ക് സാരിയും ആയിരുന്നു ഉണ്ടായിരുന്നത്. അവർക്ക് വലിയ സന്തോഷമായി. ഈ ദാരിദ്ര കുടുംബത്തിന് വേണ്ടി ഈ സമയത്ത് നിങ്ങൾ ഈ വസ്ത്രങ്ങൾ കൊണ്ടു തന്നതിന് നന്ദിയുണ്ട്. നിങ്ങൾക്ക് എപ്പോഴും നല്ലതേ വരൂ. ദൈവത്തിന്റെ അനുഗ്രഹം  എപ്പോഴും നിങ്ങളുടെ കൂടെയുണ്ടാവും. ശരി എന്ന് പറഞ്ഞു അദ്ദേഹം അവിടെ നിന്നും മടങ്ങി. അങ്ങനെ കുഞ്ചുപോയി ഉടുപ്പ് ധരിച്ചു നോക്കി. ആ ഉടുപ്പ് അവൾക്ക് പാകമായിരുന്നു. എല്ലാവർക്കും.സന്തോഷമായി. അങ്ങനെ ദൈവത്തിനോട് നന്ദി പറഞ്ഞു കൊണ്ട് കുഞ്ചു ഉടുപ്പും ഇട്ട് കടയിലോട്ട് നടന്നു. അപ്പോൾ എല്ലാവരും ഇവളെ കണ്ട് അത്ഭുതത്തോടെ നോക്കുന്നു. ആരും അവളോട് ഒന്നും ചോദിക്കാൻ നിന്നില്ല. അങ്ങനെ അവൾ കടയിൽ നിന്ന് സാധനവും വാങ്ങിച്ച്  നേരെ വീട്ടിലോട്ട് പോയി. അങ്ങനെ തൊടിയിൽ പൂ പറിക്കാൻ പോകുമ്പോൾ അവളെ കൂട്ടാതിരുന്ന അവളുടെ കൂട്ടുകാർ വീട്ടിലേക്ക് വന്നു അവളെയും കൂട്ടി പൂ പറിക്കാൻ പോകുന്നു. അങ്ങനെ കുടുംബത്തിനും എല്ലാവർക്കും സന്തോഷമായി അവർ അങ്ങനെ ആ വീട്ടിൽ സന്തോഷത്തോടെ കഴിഞ്ഞു.

# ജീവൻ തുടിക്കുന്ന പ്രകൃതി



മനീഷ ഒ വി

പ്രകൃതിയാം അമ്മേ.... നീയെൻ
ജീവനായി മാറിയില്ലേ
നീ എന്നമ്മയായച്ഛനായെൻ
ഹൃദയത്തിൽ താളമായി മാറിയില്ലേ...
നീ എന്നെ തഴുകുമ്പോൾ
എന്നമ്മയെ ഞാൻ ഓർത്തിടും,
നീ എന്നെ പുൽകിടുമ്പോൾ
എന്നച്ഛനെ ഞാൻ ഓർത്തിടും.
മഴയായി നീ ആനന്ദമുണർത്തി-
യെൻ മുറിവുകൾ മായിച്ചില്ലേ..
എൻ കളിത്തോഴനായി നീ വന്നില്ലേ-
യെൻ ആനന്ദമായി നീ വന്നില്ലേ...
എൻ ഹൃദയത്തിൽ താളം നിന്ന-
നുരാഗത്തിൻ താളമായി മാറിയില്ലേ...
സ്നേഹമായി മാറിയില്ലേ..



വര ദേവനന്ദ പ്രമോദ്

## എൻ വിദ്യാലയദിന സ്മരണകൾ

മനീഷ ഒ വി

എൻ വിദ്യാലയമെന്റെ
വീടായി മാറിയതോ,
വീടായിരുന്നതോ.....
എൻ പള്ളിക്കൂടമെന്നു-
മെനിക്കു സ്നേഹമായി മുറിവായി
മാറിയതോ...
എനിക്കിഷ്ടമാണെൻ കളിത്തോഴരെ
എന്നധ്യാപകരെ...
മണിയടിക്കിലുക്കം കേൾക്കുവാൻ
കാതോർത്തിരിക്കും നിമിഷങ്ങൾ ഏറെ-
യുണ്ടായിരുന്നാക്കാലം എന്നോ-
ർമ്മയിലേറെ....

# കാലം സമ്മാനിച്ച ഓർമ്മകൾ

ശ്രദ്ധ എസ് പ്രസാദ്



കൊഴിഞ്ഞു പോയ എന്റെ കാലമേ,
ഓർക്കുന്നു നിന്നെ ഞാൻ വിങ്ങലോടെ.
മധുരമാം ഓർമ്മകൾ കവർന്ന കാലമേ,
പോയ് മറയുന്നു ഇന്ന് ആ ഓർമ്മകൾ.
കൊതിക്കുന്നു ഞാനേറെ ആ പഴയകാലം,
ഓർമ്മയിൽ എന്നെന്നും ആ പഴയകാലം.
ഓർമ്മകൾ ഓടിയൊളിക്കുന്നു എൻ മനസ്സിൽ.
നടന്നണഞ്ഞ വഴികൾ തിരികെ വേണം.
കണ്ടണഞ്ഞ വീഥികൾ തിരികെ വേണം.
കേട്ടറിഞ്ഞ ചൊല്ലുകൾ തിരികെ വേണം.
പൊയ്പ്പോയ കാലമേ വരുക തിരികെ,
ഓർക്കുന്നു ഇന്നും ഞാൻ വിങ്ങലോടെ.
മറക്കില്ലൊരിക്കലും ഞാൻ ആ ഓർമ്മകൾ,
തിരയുന്നു ഞാനാ സൗഹൃദ ബന്ധങ്ങൾ.
ഇനി എനിക്കൊന്നു തിരികെ നടക്കണം,
ആ  കാലം എനിക്കു വീണ്ടെടുക്കണം.
ഞാനറിയാതെ എൻ ഉള്ളിൽ വസന്തം,
വിടർത്തിയ കാലമേ വരിക തിരികെ.
തേടുന്നു ഇന്നും ഞാനാ പഴയകാലം.



നന്ദി.....
പറയാതെ വയ്യ....
കലന്ദികയെ സഹൃദയസമക്ഷം
സമർപ്പിക്കുമ്പോൾ
അക്ഷരങ്ങളെ അർത്ഥവത്താക്കിയ
കൂട്ടുകാർക്ക്......
വരകളെ  മനോഹരമാക്കിയ കലാകാ
രന്മാർക്ക്......
കീബോഡുകളിൽ വിരലുകൾ കൊണ്ട്
വിസ്മയം തീർത്ത സുമനസുകൾക്ക്...
വഴികാട്ടിയായ അധ്യാപകർക്ക്....

നന്ദി....